8) കൈമാറുന്ന പദ്ധതികളിൽ ഇലക്ട്രിസിറ്റി കണക്ഷൻ ഉണ്ടെങ്കിൽ അത് പിൻഗാമി എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേക്ക് മാറ്റേണ്ടതാണ്.

9) പദ്ധതികൾ കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ അതതു പഞ്ചായത്തുമായി എക്സിക്യൂട്ടീവ് എഞ്ചിനീയർ ചർച്ച ചെയ്യണം. കൈമാറ്റപ്പെടുന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള സമ്മത പത്രം അതതു പഞ്ചായത്തുകളിൽ നിന്നും വാങ്ങേണ്ടതാണ്.

28 (937) ശുദ്ധജലവിതരണ പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും സ്ത്രീകളുടെ പങ്കാളിത്തം

<u>ശ്രീമതി ആർ. ലതാദേവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജലവിതരണ പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സർക്കാർ കൈക്കൊള്ളുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കാര്യക്ഷമമായ ശുദ്ധജല മാനേജ്മെന്റിനായി എന്തെല്ലാമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ശുദ്ധജല വിതരണരംഗത്ത് സ്വകാര്യസംരംഭകരെ കൊണ്ടു വരാൻ സർക്കാരിന് ഉദ്ദേശമുണ്ടോ; എങ്കിൽ അതേപ്പറ്റി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമീണ ശുദ്ധജലവിതരണം, കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി ലോകബാങ്ക് സഹായത്തോടുകൂടി കേരളാ ഗ്രാമീണ ശുദ്ധജല വിതരണ ശുചീകരണ ഏജൻസി എന്ന പേരിൽ ഒരു പുതിയ സ്ഥാപനത്തിന് രൂപം നൽകിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ ജനറൽ ബോഡിയിൽ രണ്ട് ഗ്രാമപഞ്ചായത്ത് പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുള്ളതിൽ ഒരാൾ വനിത ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഒരു വനിതാ ആരോഗ്യ-ശുചിത്വവിദഗ്ധയും ഇതിൽ അംഗമായിരിക്കുന്നതാണ്. ഈ സ്ഥാപനത്തിന്റെ പരമാധികാര സഭയിൽ ഇപ്രകാരം രണ്ട് വനിതകളുടെ സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം ഗ്രാമങ്ങളിൽ രൂപീകരിക്കുന്ന ഗുണഭോക്തൃസമിതികൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ സമിതികളിൽ കുറഞ്ഞത് 1/3 പ്രാതിനിധ്യം സ്ത്രീകൾക്ക് ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം ശുദ്ധജല പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും വിതരണത്തിലും സ്ത്രീകൾക്ക് കാര്യമായ പങ്കാളിത്തം ഉണ്ടാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലോകബാങ്ക് സഹായത്തോടുകൂടിയുള്ള ഈ പുതിയ പദ്ധതിയുടെ പണി നടത്തുന്നത് ഗ്രാമപ്രദേശങ്ങളിൽ രൂപീകരിക്കുന്ന ഗുണഭോക്തൃ സമിതികൾ വഴി ആയിരിക്കും. ഈ സമിതികൾ തന്നെയായിരിക്കും തുടർന്നുള്ള നടത്തിപ്പിനും അറ്റകുറ്റപ്പണികൾക്കും ചുമതല വഹിക്കുക. ഇപ്രകാരം ഉപഭോക്താവുതന്നെ നടത്തിപ്പ് ചുമതലയും വഹിക്കുമ്പോൾ ശുദ്ധജല വിതരണം കൂടുതൽ കാര്യക്ഷമമാകുന്നതാണ്.

(സി) ഉദ്ദേശമില്ല.

29 (938) വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ച നടപടി

ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എപ്പോഴെല്ലാം വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്;

(ബി) ഓരോ പ്രാവശ്യവും എത്ര ശതമാനം വച്ചാണ് വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചത്;

(സി) വാട്ടർമീറ്റർ കേടായിക്കിടക്കുന്ന കണക്ഷനെ സംബന്ധിച്ച് വാട്ടർചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന തത്വങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1-4-1999 മുതൽ ഒരു പ്രാവശ്യം വാട്ടർ ചാർജ്ജ് നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) നിലവിലുണ്ടായിരുന്ന വാട്ടർ ചാർജ് നിരക്കും 1-4-99-ൽ നടപ്പിലാക്കിയ വർദ്ധനവും അനുസരിച്ച് 10 കിലോ ലിറ്റർ വരെ ഉപയോഗമുള്ള ഗാർഹിക ഉപയോഗത്തിന് 18% ഉം കൂടിയ ഉപയോഗമായ 100 കിലോ ലിറ്ററിന് 51% വും നിരക്ക് വർദ്ധനവ് ഉണ്ടാകും. വർദ്ധനവ് അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) കേരള വാട്ടർ അതോറിറ്റി (വാട്ടർ സപ്ലൈ) റെഗുലേഷൻ പ്രകാരം വാട്ടർ മീറ്റർ കേടായിക്കിടക്കുന്ന ഉപഭോക്താവിന്റെ മീറ്റർ ശരിയായി പ്രവർത്തിച്ചുകൊണ്ടിരുന്ന കാലയളവിലെ അവസാന മീറ്റർ റീഡിംഗിന് മുൻപുള്ള ശരാശരി ഉപയോഗം കണക്കാക്കി വാട്ടർ ചാർജ് നിരക്ക് നിശ്ചയിക്കുന്നു. പ്രസ്തുത ഉപഭോഗത്തിന്റെ പുതുക്കിയ നിരക്കാണ് വാട്ടർ മീറ്റർ കേടായിക്കിടക്കുന്ന വാട്ടർ കണക്ഷനിൽ നിന്നും ഈടാക്കുന്ന വാട്ടർ ചാർജ്ജ്.

30 (939) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളവിതരണം

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള വിതരണം കാര്യക്ഷമമായി നടപ്പാക്കുന്നതിന് വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly